LIBRARY ARCHIVES Kerala Legislative Assembly

കയർ വ്യവസായ മേഖലയുടെ ഉന്നമനത്തിന് സ്വീകരിച്ച നടപടികൾ

40 (4095) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ കയർ വ്യവസായത്തിന്റെ ഉന്നമനത്തിന് എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) കയറുത്പന്ന കയറ്റുമതിയിൽ തമിഴ്നാട് ബഹു ദൂരം മുന്നിലെത്തിയെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കയർ വ്യവസായ മേഖലയെ സാങ്കേതികമായി ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലായെങ്കിൽ സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത മേഖലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര കോടിയുടെ അധിക നിക്ഷേപമുണ്ടായെന്ന് വ്യക്തമാക്കുമോ ;

(ഇ) കയറുത്പന്ന കയറ്റുമതിയിൽ തമിഴ്നാടിന്റെ നേട്ടങ്ങളിൽനിന്നും പാഠമുൾക്കൊണ്ട് കേരളത്തിലെ കയറുല്പന്ന കയറ്റുമതിയെ പരിപോഷിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ജീവനക്ഷമമായ കയർ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്ന പദ്ധതി പ്രകാരം 505 കയർ സഹകരണ സംഘങ്ങൾക്ക് സ്ഥിരമൂലധനമായും പ്രവർത്തന മൂലധനമായും 2382.69 ലക്ഷം രൂപ അനുവദിച്ചു. കൂടാതെ 565 സംഘങ്ങളുടെ 31-3-06-വരെയുള്ള സർക്കാർ വായ്പയും പലിശയും (2255.19 ലക്ഷം രൂപ) ഓഹരിയാക്കി മാറ്റി അവയുടെ സാമ്പത്തിക നില ഭദ്രമാക്കി എൻ.സി.ഡി.സി വായ്പ സർക്കാർ ഓഹരിയാക്കി മാറ്റുകയും പലിശയും പിഴപലിശയും എഴുതിത്തള്ളുകയും ചെയ്തു.

- കയർ മേഖലയുടെ സമഗ്ര പുരോഗതിക്കായി പഠനം നടത്തുന്നതിന് കയർ കമ്മീഷൻ രൂപീകരിക്കുകയും പ്രസ്തുത കമ്മീഷൻ നൽകിയ റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും പ്രധാന ശുപാർശകൾ 2009-10 മുതൽ നടപ്പിലാക്കി വരികയും ചെയ്യുന്നു.

- സഹകരണ മേഖല, കുടുംബശ്രീ, സി.ഡി.എസ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേന ആരംഭിക്കുന്ന ഡി-ഫൈബറിംഗ് മില്ലുകൾക്ക് 75% പരമാവധി 25 ലക്ഷം രൂപവരെ ഗ്രാന്റ് പിത്ത് അധിഷ്ഠിത യൂണിറ്റുകൾക്ക് 75% പരമാവധി 15 ലക്ഷം രൂപവരെ ഗ്രാന്റ് പ്രവർത്തന രഹിതമായ ഡീ-ഫൈബറിംഗ് മില്ലുകൾക്ക് പരമാവധി 15 ലക്ഷം രൂപവരെ ഗ്രാന്റ്

എന്നീ പദ്ധതികളും കൂടാതെ എൻ.സി.ആർ.എം.ഐ. വികസിപ്പിച്ചെടുത്ത മിനി ഡീ-ഫൈബറിംഗ് മെഷീനുകൾ കയർ മേഖലയിലെ സഹകരണ സംഘങ്ങൾക്ക് സൗജന്യ നിരക്കിലും പ്രൈവറ്റ് മേഖല ഉൾപ്പെടെയുള്ളവർക്ക് സബ്സിഡി നിരക്കിലും നൽകുന്ന പദ്ധതി, തൊണ്ട് സംഭരണ പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു.

• ആലപ്പുഴയിൽ കയർ വ്യവസായത്തിനാവശ്യമായ യന്ത്രസാമഗ്രികൾ നിർമ്മിക്കുന്നതിനുള്ള 18.41 കോടി രൂപ അടങ്കൽ പ്രതീക്ഷിക്കുന്ന ഫാക്ടറി സ്ഥാപിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തിനത്തിന് തുടക്കം കുറിച്ചു.

• സംഘം തൊഴിലാളികൾക്ക് സംഘം നൽകേണ്ട ത്രിഫ്റ്റ്, ഷെയർ, ഗ്രാറ്റുവിറ്റി എന്നീ ബാദ്ധ്യതകൾ സർക്കാർ ഏറ്റെടുക്കുകയും ഈ പദ്ധതി പ്രകാരം 2009-2010, 2010-2011 വർഷങ്ങളിലായി 969.41 ലക്ഷം രൂപ അനുവദിച്ചു. ഏകദേശം 1.40 ലക്ഷം പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കും.

• കയർ കടാശ്വാസ പദ്ധതി പ്രകാരം 199 ചെറുകിട ഉൽപ്പാദകർക്കും 91 സഹകരണ സംഘങ്ങൾക്കുമായി 218 ലക്ഷം രൂപ 2009-2010, 2010-2011 വർഷങ്ങളിലായി അനുവദിച്ചിട്ടുണ്ട്.

• കേരള കയർ ലോഗോയ്ക്ക് ട്രേഡ് മാർക്ക് അംഗീകാരം ലഭ്യമാക്കുകയും കയറിന്റേയും കയർ ഉൽപ്പന്നങ്ങളുടേയും വിപണനത്തിന് പൊതു സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യം രൂപീകരിച്ചുവരികയും ചെയ്യുന്നു.

• കയർഫെഡിന്റെയും കയർ പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഉൽപ്പന്നങ്ങൾ പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളിലൂടെ വിറ്റഴിക്കുന്ന പദ്ധതി നടപ്പിലാക്കി.

• കയർ മേഖലയിൽ പുതിയ സാങ്കേതിക വിദ്യ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴയിൽ സങ്കര യാൺ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടികളും ഫോം മാറ്റിംഗ്സിന്റെ ആഭിമുഖ്യത്തിൽ കയർ കോമ്പസിറ്റ് ബോർഡ് ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതിനു പുറമെ ആലപ്പുഴ കയർ ക്ലസ്റ്റർ ഡെലവപ്മെന്റ് സൊസൈറ്റിയും കയർഫെഡും സംയുക്തമായി കയർഫെഡിന്റെ ഉടമസ്ഥതയിൽ PVC tufted ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ചകിരി ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (എൻ.സി.ആർ.എം.ഐ.) വികസിപ്പിച്ചെടുത്ത 3500-4000 തൊണ്ട് പ്രതിദിനം ഉപയോഗിക്കത്തക്ക രീതിയിലുള്ള മിനി ഡീ-ഫൈബറിംഗ് മെഷീനുകൾ നൽകി വരുന്നുണ്ട്. കയർ മേഖലയ്ക്ക് ആവശ്യമായ ആധുനിക മെഷിനറികൾ നിർമ്മിക്കുന്നതിനുള്ള ഫാക്ടറിയുടെ പദ്ധതി അംഗീകരിച്ച് അത് ആലപ്പുഴയിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ ആധുനിക സാങ്കേതിക വിദ്യ കയർ മേഖലയിൽ നടപ്പിലാക്കുന്നതിലേക്കായി സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള എൻ.സി.ആർ.എം.ഐ നിരവധി ഗവേഷണ വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

• കയർ തൊഴിലാളി പെൻഷൻ നൽകി വരുന്നു. 1-4-2010 മുതൽ ഇത് 300 രൂപയായി വർദ്ധിപ്പിച്ചു. പെൻഷൻ കൂടാതെ കേരളാ കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി വിവിധ തരം ആനുകൂല്യങ്ങളും വിതരണം ചെയ്തുവരുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു :

ധനസഹായം	നിലവിൽ നൽകുന്ന ധനസഹായം
വിവാഹ ധനസഹായം	2000 രൂപ
പ്രസവാനുകൂല്യം	1000 രൂപ
ചികിൽസാ സഹായം	1000 രൂപ
സ്ഥിരാസ്വാധീനം	2500 രൂപ
താത്കാലികാസ്വാധീനം	600 രൂപ
അപകടമരണം	10000 രൂപ
ശവസംസ്കാരം	1000 രൂപ
വിദ്യാഭ്യാസ ധനസഹായം	
(എ) +2, ഡിഗ്രി	750 രൂപ
(ബി) പ്രൊഫഷണൽ കോഴ്സ്	3000 രൂപ
മെമ്പർ പെൻഷൻ	300 രൂപ
മുൻകയർ തൊഴിലാളി പെൻഷൻ	300 രൂപ
കുടുംബപെൻഷൻ	100 രൂപ

(ബി) കയറുല്പന്ന കയറ്റുമതിയുടെ 80% ഉം ഉൽപ്പന്നങ്ങൾ കേരളത്തിൽ നിന്നുള്ളവയാണെന്നാണ് കയർ ബോർഡിന്റെ കണക്കുകൾ പ്രകാരം മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്.

(സി) നടപടികൾ സ്വീകരിച്ച് കഴിഞ്ഞിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 30-6-2010 വരെ 22067.13 ലക്ഷം രൂപ ഈ മേഖലയ്ക്കായി കയർ വികസന വകുപ്പ് മുഖേന ചെലവഴിച്ചിട്ടുണ്ട്. മുൻസർക്കാരിനേക്കൾ 11591.12 ലക്ഷം രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്.

(ഇ) കേരളത്തിലെ കയറുൽപ്പന്നങ്ങൾക്ക് പരമാവധി കയറ്റുമതി നടത്തണമെന്ന ലക്ഷ്യം കൈവരിക്കുന്നതിന് ഒട്ടനവധി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരികയാണ്. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ

LIBRARY, ARCHIVES Kerala Legislative Assembly

കയറ്റുമതിക്കാരിൽ നിന്നും ക്രയവിലസ്ഥിരത പദ്ധതി പ്രകാരം ഓർഡറുകൾ സ്വീകരിച്ച് അവ ചെറുകിട ഉൽപ്പാദകസംഘങ്ങൾക്ക് വീതിച്ചു നൽകുകയും കയർ കോർപ്പറേഷൻ മുഖാന്തിരം ഉൽപ്പന്നങ്ങൾ വാങ്ങുന്ന കയറ്റുമതിക്കാർക്ക് 7.50% റിബേറ്റും അനുവദിച്ചുവരുന്നു.

കയർ ഉൽപ്പന്നങ്ങളുടെ ഗാർഹിക ഉപയോഗം വർദ്ധിപ്പിക്കാൻ പദ്ധതി

41 (4096) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ ഉൽപ്പന്നങ്ങളുടെ ഗാർഹിക ഉപയോഗം വർദ്ധിപ്പിക്കാനായി ഏതൊക്കെ പദ്ധതികളാണ് പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) ദേശീയ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ തദ്ദേശ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന തണ്ണീർത്തടവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ജിയോ ടെക്സ്റ്റയിൽസ് ഒരു നിർമ്മാണോൽപ്പന്നമായി അംഗീകരിച്ചിട്ടുണ്ടോ ;

(സി) ഇതുവഴി കയർ മേഖലയുടെ വികസനത്തിന് എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനാകും എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 2009 ഓണക്കാലയളവിൽ സംസ്ഥാനത്ത് വിജയകരമായി നടപ്പിലാക്കിയ ഒരു വീട്ടിൽ ഒരു കയർ ഉൽപ്പന്നം പദ്ധതി 2010 ഓണക്കാലയളവിലും നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം കയർഫെഡിന്റേയും കയർ പൊതുമേഖലാസ്ഥാപനങ്ങളുടെയും ഉൽപ്പന്നങ്ങൾ സംസ്ഥാനത്തെ പ്രാഥമിക സർവ്വീസ് സഹകരണസംഘങ്ങളിലെ വിൽപ്പന ശാലകൾ മുഖാന്തിരവും പ്രധാന നഗരങ്ങളിൽ സംഘടിപ്പിക്കുന്ന മെട്രോഫെയറുകൾ വഴിയും കുടുംബശ്രീ സംവിധാനം മുഖാന്തിരവും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളുടെ വിൽപ്പന ശാലകൾ വഴിയും വിറ്റഴിക്കുന്നതിന് ലക്ഷ്യം നിർണ്ണയിച്ച് നൽകിയിട്ടുണ്ട്.

(ബി) തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ 10-6-2009-ൽ ബന്ധപ്പെട്ടവർക്ക് നൽകിയ നിർദ്ദേശപ്രകാരം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള പ്രവർത്തികളിൽ ജിയോ ടെക്സ്റ്റയിൽസ് ഉപയോഗിക്കുന്ന കാര്യം പരിഗണിക്കുകയും അതനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും വേണ്ട നിർദ്ദേശം നൽകിയതായി അറിയിച്ചിട്ടുണ്ട്.

(സി) കയർ ഉൽപ്പന്നങ്ങളുടെ വ്യാപകമായ പ്രചാരണം നടത്തുന്നതിലൂടെ കൂടുതൽ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനും അതിലൂടെ കൂടുതൽ തൊഴിലും തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly